# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്ത് - 2000-01 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 6(എ), (ബി), (സി), ഖണ്ഡിക 17(1) – എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.3944/15/തസ്വഭവ. തിരുവനന്തപുരം,തീയതി: 31/12/2015

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 11/12/2014-ലെ സി3-41251/14 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 06/05/2015-ലെ LF/2568/PT1/2015 നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2000-2001 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 6(എ),(ബി ),( സി ) എന്നിവ പ്രകാരം എസ്റ്റിമേറ്റ് തുകയിൽ നിന്നും അധികരിച്ച പ്രവൃത്തികളുടെ മൂല്യം പ്ലാൻ ഫണ്ടിൽ നിന്നും നല്കിയ വകയിൽ 20155( ഇരുപതിനായിരത്തി ഒരുനൂറ്റി അൻപത്തിയഞ്ച് രൂപ മാത്രം ) രൂപയും ഖണ്ഡിക -17(1) പ്രകാരം വോട്ടർപട്ടിക അച്ചടിക്കുന്നതിനായി ഇലക്ഷൻ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള പരിധിയിലും അധികരിച്ച് ചെലവു ചെയ്ത 3,275/- ( മൂവായിരത്തിഇരുനൂറ്റി എഴുപത്തിയഞ്ച് രൂപ ) രൂപയും ആഡിറ്റ് നിരാകരിച്ചിരുന്നു .

പ്രസ്തുത വിഷയങ്ങളിൽ സർക്കാർ സാധൂകരണത്തിനായി നീണ്ടൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 02/06/2005 ലെ XII(2)C- ാം നമ്പർ തീരുമാനം, 21/07/2014- ലെ 30 - ാം നമ്പർ തീരുമാനം , 29- ാം നമ്പർ തീരുമാനം , ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശ തീരുമാനം , ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ മുഖേന പരാമർശം(1)പ്രകാരം പഞ്ചായത്ത് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് . ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന ചെലവു ചെയ്യാനുണ്ടായ സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട് .

ടി വിഷയത്തിൽ പരാമർശം(2)പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ഖണ്ഡിക 6( എ ),( ബി ),( സി ) എന്നിവ പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ തുകയും ഖണ്ഡിക 17(1) പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ തുകയും പഞ്ചായത്തിന്റെ വിശദീകരണത്തിന്റെയും ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഡയറക്ടറുടേയും ശുപാർശയുടെയും അടിസ്ഥാനത്തിൽ സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്തിന്റെ വിശദീകരണത്തിന്റെയും ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഡയറക്ടറുടേയും ശുപാർശയുടെയും അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2000-2001 വർഷത്തിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 6( എ ), ( ബി ),( സി ) എന്നിവ പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 20,155( ഇരുപതിനായിരത്തി ഒരുന്നൂറ്റി അൻപത്തിയഞ്ച് രൂപ മാത്രം ) രൂപയും ഖണ്ഡിക -17(1) പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 3,275( മൂവായിരത്തിഇരുന്നൂറ്റി എഴുപത്തിയഞ്ച് രൂപ) രൂപയും സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
സെക്രട്ടറി, നീണ്ടൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ